DESPATCHED
On. 14/2/22

9/2/22

**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം-695 001**
Email: sic.ker@nic.in

ഹർജി നമ്പർ **AP 1572(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No. 14006/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ഫെബ്രുവരി 9**

ശ്രീമതി. ദേവു വി.,
D/o ശ്രീ. വേലു,
ഇറളംപുള്ളി,
വിളയോടി പി.ഒ.,
ചിറ്റൂർ താലൂക്ക്,
പാലക്കാട് – 678 103. } അപ്പീൽ ഹർജിക്കാരി

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ജൂനിയർ സൂപ്രണ്ട് (എഫ്) സെക്ഷൻ, താലൂക്ക് ഓഫീസ് ചിറ്റൂർ, പാലക്കാട് – 678 101.
2. അപ്പീൽ അധികാരി & തഹസിൽദാർ (ഭൂരേഖ), ചിറ്റൂർ, പാലക്കാട്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 26.3.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 15.4.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 13.5.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 16.7.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 28.10.2021 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 30.10.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 9.11.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 8.12.2021 |
| ഹിയറിംഗ് (ഓഡിയോ/വീഡിയോ) തീയത | 8.2.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരി<br>എസ്.പി.ഐ.ഒ. | ഹർജിക്കാരിയ്ക്കുവേണ്ടി ടിയാളുടെ പ്രതിനിധി ഹാജരായി (ഓഡിയോ)<br>ഹാജരായി |

## ഉത്തരവ്

ശ്രീമതി. ദേവു വി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, പെരുമാട്ടി ഗ്രാമ പഞ്ചായത്ത് പുളിമരം നിൽക്കുന്ന സ്ഥലം 19.1.2021–ൽ താലൂക്ക് സർവ്വെയർ അതിർത്തി നിർണ്ണയിച്ചിരുന്നു എന്നും

ആയതുമായി ബന്ധപ്പെട്ട് ഹർജിക്കാരൻ ചോദിച്ച ചോദ്യങ്ങൾക്ക് തൃപ്തികരമായ മറുപടിയല്ല എതിർകക്ഷികൾ നൽകിയതെന്നും മേൽപ്പടി സ്ഥലം സംബന്ധിച്ച റിപ്പോർട്ട് സർവ്വെയർ തയ്യാറാക്കാത്തത് കാരണം ഹർജിക്കാരിയുടെ സ്വത്തിന് നാശം സംഭവിച്ചിരിക്കുകയാണെന്നും മേൽപ്പടി സ്ഥലത്തിന്റെ സർവ്വെ റിപ്പോർട്ട് തയ്യാറാക്കി പഞ്ചായത്തിന് സമർപ്പിക്കുന്ന കാര്യത്തിൽ കമ്മീഷൻ ഇടപെട്ട് നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 26.3.2021 തീയതി സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ് :

i. 1.1.2020-ൽ പെരുമാട്ടി ഗ്രാമ പഞ്ചായത്ത് ഓഫീസിൽ നിന്ന് താലൂക്ക് സർവ്വെയർക്ക് പെരുമാട്ടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നൽകിയ അപേക്ഷയുടെ പകർപ്പ് നൽകണമെന്നും

ii. പുളിമരം നിൽക്കുന്ന സ്ഥലം ആരുടെ ഉടമസ്ഥതയിലാണ് എന്നും

iii. പുളിമരം നിൽകുന്ന സ്ഥലത്തിന്റെ സർവ്വെ നമ്പർ എത്രയാണെന്നും മറ്റുമായി 6 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 15.4.2021 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നു. തുടർന്ന് ടിയാളുടെ അപേക്ഷയിലെ 3 ഒഴികെയുള്ള ഇനങ്ങൾക്ക് തൃപ്തികരമായ മറുപടി നൽകിയില്ലെന്ന് പരാതിപ്പെട്ടുകൊണ്ട് 13.5.2021-ന് 2-ാം എതിർകക്ഷിയ്ക്ക് ഹർജിക്കാരി അപ്പീൽ നൽകുകയുണ്ടായി. ടി അപ്പീൽ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ പ്രസ്താവിച്ചത്, ഒന്നാം എതിർകക്ഷിയുടെ സ്റ്റേറ്റുമെന്റ് പ്രകാരം അപ്പീൽ വാദി 26.3.2021-ന് നൽകിയ അപേക്ഷയിൽ ഫയലിൽ ലഭ്യമായ വിവരങ്ങൾ 15.4.2021 നും, 28.4.2021-നും എഫ്3-2021/3041/9/200 നമ്പർ കത്തുകൾ പ്രകാരം മറുപടി നൽകിയിട്ടുണ്ടെന്നും, കൂടാതെ അതിർത്തി നിർണ്ണയവുമായി ബന്ധപ്പെട്ട എഫ്3-2020/3620/9/200 നമ്പർ ഫയൽ പൂർണ്ണ രൂപത്തിൽ നിശ്ചിത ഫീസ് ഒടുക്കി പകർപ്പെടുക്കാവുന്നതാണെന്നും, ആവശ്യമെങ്കിൽ പ്രസ്തുത ഫയൽ ഓഫീസ് പ്രവർത്തി സമയത്ത് നേരിൽ പരിശോധിക്കാവുന്നതും, ആവശ്യമായ രേഖകളുടെ പകർപ്പ് എടുക്കാവുന്നതാണെന്നും അറിയിച്ചിട്ടുണ്ടെന്നും ഇരുകക്ഷികളെയും നേരിൽ കേൾക്കുകയും എസ്.പി.ഐ.ഒയുടെ സ്റ്റേറ്റുമെന്റ് പരിശോധിക്കുകയും ചെയ്തതിൽ പരാതിയുടെ നിലവിലെ സ്ഥിതി അല്ലെങ്കിൽ ആവശ്യപ്പെട്ട രേഖകൾ അപേക്ഷകയ്ക്ക് ലഭ്യമാക്കുന്നതിന് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ജൂനിയർ സൂപ്രണ്ട് (എഫ്-സെക്ഷൻ)-ന് നിർദ്ദേശം നൽകിക്കൊണ്ട് അപ്പീൽ തീർപ്പാക്കിയിട്ടുണ്ടെന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീമതി. ദേവു വി., വിവരാവകാശ നിയമ പ്രകാരം ചിറ്റൂർ താലൂക്ക് ഓഫീസിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ജൂനിയർ സൂപ്രണ്ട് (എഫ്) സെക്ഷൻ മുമ്പാകെ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ നൽകിയിരുന്നു എന്നും ആയതിന് നൽകിയ മറുപടിയിൽ തൃപ്തിയില്ലെന്ന് അറിയിച്ച് ഒന്നാം അപ്പീൽ സമർപ്പിച്ചു എന്നും ആയതിനെ തുടർന്ന് ഒന്നാം എതിർകക്ഷി, അപേക്ഷകയുടെ മകൻ എന്നിവരെ നേരിൽ കേട്ടുവെന്നും ഹർജിക്കാരി സമർപ്പിച്ച സ്റ്റേറ്റുമെന്റിൽ കൃത്യമായി മറുപടി നൽകണമെന്ന് ബോധിപ്പിക്കുകയുണ്ടായി എന്നും എസ്.പി.ഐ.ഒ നൽകിയ സ്റ്റേറ്റുമെന്റ് പ്രകാരം, അപ്പീൽ വാദി 26.3.2021-ന് നൽകിയ അപേക്ഷയിൽ ഫയലിൽ ലഭ്യമായ വിവരങ്ങൾ 15.4.2021, 28.2.2021 എന്നീ തീയതികളിൽ നൽകിയിട്ടുള്ളതാണെന്നും

കൂടാതെ അതിർത്തി നിർണ്ണയവുമായി ബന്ധപ്പെട്ട എഫ്3–2020/3620/9/200 നമ്പർ ഫയൽ പൂർണ്ണ രൂപത്തിൽ നിശ്ചിത ഫീസ് ഒടുക്കി പകർപ്പെടുക്കാവുന്നതാണെന്നും, ആവശ്യമെങ്കിൽ പ്രസ്തുത ഫയൽ ഓഫീസ് പ്രവർത്തി സമയത്ത് നേരിൽ പരിശോധിക്കാവുന്നതും, ആവശ്യമായ രേഖകളുടെ പകർപ്പ് എടുക്കാവുന്നതാണെന്നും അറിയിച്ചിട്ടുണ്ടെന്നും ഇരുകക്ഷികളെയും നേരിൽ കേൾക്കുകയും സ്റ്റേറ്റുമെന്റ് പരിശോധിക്കുകയും ചെയ്തതിൽ പരാതിയുടെ നിലവിലെ സ്ഥിതി അല്ലെങ്കിൽ അപ്പീൽ വാദി ആവശ്യപ്പെട്ട വിവരങ്ങൾ അപേക്ഷകയ്ക്ക് ലഭ്യമാക്കുന്നതിന് എസ്.പി.ഐ.ഒയ്ക്ക് നിർദ്ദേശം നൽകികൊണ്ട് അപ്പീൽ തീർപ്പാക്കിയിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഫയലിൽ ലഭ്യമായ വിവരങ്ങൾ എതിർകക്ഷികൾ ഹർജിക്കാരിക്ക് നൽകിയിട്ടുള്ളതും കൂടുതൽ വിവരങ്ങൾ ആവശ്യമെങ്കിൽ ബന്ധപ്പെട്ട ഫയൽ നേരിട്ട് പരിശോധിക്കുന്നതിന് അവസരം നൽകിയിട്ടുള്ളതുമാണെന്നതിനാൽ എതിർകക്ഷികൾ നൽകിയ മറുപടിയിൽ അപാകത കാണുന്നില്ല. മാത്രമല്ല അപേക്ഷയിൽ ഉന്നയിച്ച പ്രകാരമുള്ള ഭരണപരമായ നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കി നൽകണമെന്നും മറ്റുമുള്ള ഹർജിക്കാരിയുടെ ആവശ്യം വിവരാവകാശ നിയമ പ്രകാരം പരിഗണിക്കുവാൻ നിർവ്വാഹവുമില്ല. ആയതിനാൽ ഹർജിക്കാരിയുടെ അപേക്ഷയിൽ ആവശ്യപ്പെട്ട അതിർത്തി നിർണ്ണയവുമായി ബന്ധപ്പെട്ട എഫ്3–2020/3620/9/2020 നമ്പർ ഫയൽ നേരിട്ട് പരിശോധിക്കുന്നതിനും ഇക്കാര്യത്തിൽ പഞ്ചായത്തിന് നൽകിയ സർവ്വെയറുടെ റിപ്പോർട്ട് ഉൾപ്പെടെ അവശ്യം വേണ്ട രേഖകളുടെ പകർപ്പുകൾ മാത്രം സൗജന്യമായി എടുക്കുന്നതിനുമുള്ള അനുമതി ഒന്നാം എതിർകക്ഷി ഹർജിക്കാരിക്കോ ടിയാളുടെ പ്രതിനിധിക്കോ നൽകണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഫെബ്രുവരി 9–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk